# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3438**

**12-12-2014 ൽ മറുപടിയ്ക്ക്**

## കുളങ്ങൾ നന്നാക്കുന്ന പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി.കെ. നാണു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിവകുപ്പിന്റെ കീഴിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വടകര നിയോജക മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് കുളങ്ങൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിനു കീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ 3 ജില്ലകളിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കോഴിക്കോട് ജില്ലയ്ക്കായി കുളങ്ങൾ നവീകരണത്തിന് പ്രത്യേക പദ്ധതി യൊന്നും നിലവിലില്ലാത്തതിനാൽ വടകര നിയോജകമണ്ഡലത്തിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| (ബി) കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്ന അവസരത്തിൽ വേനൽകാലത്ത് കൃഷിക്ക് സഹായിക്കുന്ന വടകര മണ്ഡലത്തിലെ പ്രധാനപ്പെട്ട ക്ഷേത്രക്കുളങ്ങൾക്ക് ഏതെങ്കിലും നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) അനുവദിച്ചിട്ടില്ല. |
| (സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ പരിശ്രമിക്കുന്ന ഹരിതസംഘങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം കൃഷി വകുപ്പ് അനുവദിക്കുമോ? | (സി) കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്രപച്ചക്കറി ജൈവകൃഷിക്ക് ഊന്നൽ നൽകിയാണ് വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്ന 5 ഹെക്ടർ വീതം വരുന്ന പച്ചക്കറി ക്ലസ്റ്ററുകൾക്ക് (ഹരിതസംഘങ്ങൾക്ക്) താഴെപ്പറയുന്ന സഹായങ്ങൾ നൽകി വരുന്നു. |

**എ)** തെരഞ്ഞെടുക്കപ്പെട്ട കാര്യക്ഷമമായി പ്രവർത്തിക്കുന്ന 800 ക്ലസ്റ്ററുകൾക്ക് 75000 രൂപ നിരക്കിൽ സഹായം നൽകുന്നു. (600 ലക്ഷം രൂപ)

**ബി)** സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 15000 രൂപ നൽകുന്നു (2900 ഹെക്ടറിന് 435 ലക്ഷം രൂപ)

**സി)** പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സഹായം (1720 പമ്പ്സെറ്റുകൾക്ക് 172 ലക്ഷം)

**ഡി)** സസ്യ സംരക്ഷണ ഉപകരണങ്ങൾ 1500 എണ്ണം (1000 എണ്ണത്തിന് 15 ലക്ഷം രൂപ)

**ഇ)** പ്രവർത്തന ചെലവുകൾക്കായി 2000 രൂപ/ക്ലസ്റ്റർ (800 ക്ലസ്റ്ററുകൾക്ക് 16 ലക്ഷം രൂപ)

**എഫ്)** ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലക്കും 3 ലക്ഷം രൂപ ഇന്നവേഷൻ ഫണ്ട് നൽകുന്നു. (ആകെ 42 ലക്ഷം രൂപ)

**ജി)** 100 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 6.3 ലക്ഷം രൂപ നിരക്കിൽ വികസന സഹായം (630 ലക്ഷം രൂപ)

**എച്ച്)** 2013-14 ലെ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് (95 എണ്ണം) 2 ലക്ഷം രൂപ വീതം (190 ലക്ഷം)

**ഐ)** മികച്ച 600 ക്ലസ്റ്ററുകൾക്ക് വികസന സഹായമായി 1.5 ലക്ഷം രൂപ വീതം നൽകുന്നു. (900 ലക്ഷം)

കൂടാതെ വിവിധ തലങ്ങളിൽ ജൈവപച്ചക്കറി കൃഷിയെക്കുറിച്ചുള്ള പരിശീലന പരപാടികൾ സംഘടിപ്പിക്കുകയും വിജ്ഞാനവ്യാപനത്തിന്റെ ഭാഗമായി കൈപുസ്തകങ്ങൾ കർഷകർക്കായി നൽകുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ